കേരള സർക്കാർ

നമ്പർ : LSGD/JD/MPM/6140/2024-H2

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം.
ഇ-മെയിൽ: jdlsgdmpm@gmail.com
ഫോൺ: 0483-2734838

തീയ്യതി: 13-03-2025

പ്രേഷകൻ:
ശ്രീ. ബൈജു.പി

ഇന്റേണൽ വിജിലൻസ് ഓഫീസർ & കൺവീനർ

ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി.

സ്വീകർത്താവ്:
സെക്രട്ടറി,
എടവണ്ണ ഗ്രാമപഞ്ചായത്ത്, കുറുവ ഗ്രാമപഞ്ചായത്ത്

സർ,

07/03/2025 തിയ്യതിയിൽ രാവിലെ 10.30 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയ്ൻറ് ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് ഓൺലൈനായി നടന്ന ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി-04 ന്റെ ഹാജരും യോഗ തീരുമാനങ്ങളും താഴെ ചേർക്കുന്നു.

ഹാജർ

1. ശ്രീ. ബൈജു.പി

ഇന്റേണൽ വിജിലൻസ് ഓഫീസർ & കൺവീനർ

ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി.

2. ശ്രീ.ഷെരീഫ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ,

അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്.

3. ശ്രീ. ജോസഫ്, സെക്രട്ടറി, എടവണ്ണ ഗ്രാമപഞ്ചായത്ത്

4.ശ്രീ.ജ്യോതിസ്, സെക്രട്ടറി, കുറുവ ഗ്രാമപഞ്ചായത്ത്

5. ശ്രീ. സുബ്രമണ്ണ്യൻ പരാതിക്കാരൻ

ശ്രീമതി. വിജിഷ W/O സുബ്രമണ്ണ്യൻ

റിയാസ് (ശ്രീ.വേണ്ടി ഹാജരായി)

**അജണ്ട-1**

എടവണ്ണ ഗ്രാമപഞ്ചായത്തിലെ ശ്രീ.സുബ്രമണ്യൻ എന്നവരുടെ ഡോക്കറ്റ് നം- BPMPM40908000024 പരാതി.

-എടവണ്ണ ഗ്രാമപഞ്ചായത്തിലെ PMAY ലിസ്റ്റിൽ ഉൾപ്പെട്ട ടിയാളുടെ ഭൂമി റവന്യൂ രേഖയിൽ നിലം എന്ന് രേഖപ്പെടുത്തപ്പെട്ടതാണെന്നും, എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമാണ് എന്നും ആയതിന് നിർമാണാനുമതി നൽകുവാൻ സെക്രട്ടറി തയ്യാറാവുന്നില്ല എന്നും മറ്റും സംബന്ധിച്ച്.

-എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ പ്രസിദ്ധീക്യൃതമായ ഡാറ്റാ ബാങ്ക് പ്രകാരം പ്രസ്തുത ഭൂമി 2008 ൽ 15 വർഷത്തോളമായി തരം മാറ്റപ്പെട്ടത് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും നിലവിൽ ടി ഭൂമിയിൽ വ്യൃക്ഷങ്ങൾ ഒന്നും ഇല്ലാ, തരിശ് ഭൂമിയായി കിടക്കുകയാണെന്നും സെക്രട്ടറി അറിയിച്ചു.

**തീരുമാനം**

എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ പ്രസിദ്ധീക്യൃതമായ ഡാറ്റാ ബാങ്ക് പ്രകാരം ശ്രീ. സുബ്രമണ്യൻ.പി പാലപ്പെറ്റ ഹൌസ് എന്നവരുടെ ഉടമസ്ഥതയിലുള്ള ഭൂമി 2008 ൽ 15 വർഷത്തോളമായി തരം മാറ്റപ്പെട്ടത് എന്ന് രേഖപ്പെടുത്തിയിട്ടുള്ള സഹചര്യത്തിൽ, PMAY ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവ് എന്ന കാര്യം പരിഗണിച്ചും 11/02/2025 തിയ്യതിയിലെ ത.സ്വ.ഭ.വ-ആർഎ1/57/2025 നമ്പർ സർക്കുലറിലെ നിർദേശങ്ങൾക്കനുസ്യൃതമായി നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയോട് നിർദേശിച്ച് തീരുമാനിച്ചു.

**അജണ്ട-2**

കുറവ ഗ്രാമപഞ്ചായത്തിൽ ശ്രീ. അബൂബക്കർ എം, മൂലാകുഴിയിൽ, പഴമണ്ണൂർ ഡോക്കറ്റ് നം. BPMPM40942000038 കരുതലും കൈത്താങ്ങും 2024- ൽ നല്കിയ പരാതി .

യോഗത്തിൽ കുറവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ജോതിസ് ഹാജരായി എന്നാൽ പരാതിക്കാരൻ ശ്രീ. അബൂബക്കർ എം എന്നവർ പങ്കെടുത്തില്ല

-കുറവ ഗ്രാമപഞ്ചായത്ത് പാർക്കിംഗ് ഏരിയക്ക് നമ്പർ ഇട്ടതുമായി ബന്ധപ്പെട്ട് ശ്രീ. അബൂബക്കർ എം, മൂലാകുഴിയിൽ, പഴമണ്ണൂർ എന്നവർ കരുതലും കൈത്താങ്ങും താലൂക്ക് തല അദാലത്തിൽ സമർപ്പിച്ച പരാതി സംബന്ധിച്ച്

കുറവ ഗ്രാമപഞ്ചായത്ത് വാർഡ് 1 ൽ അബൂബക്കർ എന്നവരുടെ ഉടമസ്ഥതയിലുള്ള 1/39 എ നമ്പർ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ (ഗ്രൌണ്ട് ഫ്ലോർ ) പൂർണമായും കെട്ടിമറച്ച് ഷട്ടർ ഘടിപ്പിച്ചിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും കെ.പി.ബി.ആർ 2019 ചട്ടം 25 പ്രകാരം ഇത്തരത്തിലുള്ള നിർമിതികൾ വാണിജ്യ

ആവശ്യത്തിനുള്ള എഫ് വിഭാഗത്തിലുള്ളതാണെന്നും ആയതിനാൽ ടി ഏരിയ ഉൾപ്പെടുത്തി കെട്ടിട നികുതി ചുമത്തിയതെന്നും ആയത് ഒഴിവാക്കാൻ നിർവ്വാഹമില്ലന്നും അപേക്ഷകനെ അറിയിച്ചിട്ടുണ്ടെന്ന് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

യോഗത്തിൽ പരാതിക്കാരനായ ശ്രീ. അബൂബക്കർ എം പങ്കെടുക്കാത്തതിനാൽ പരാതിക്കാരന്റെ ഭാഗം കേൾക്കാൻ സാധിക്കാത്തതിനാൽ സ്ഥലം നേരിട്ട് സന്ദർശിക്കുന്നതിന് തീരുമാനിക്കുകയും തുടർന്ന് 10/03/2025 തിയ്യതിയിൽ കുറുവ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നവനീത്, ഓവർസിയർ ശ്രീ. ദിലിൽ, കെ.പി.ബി.ആർ സെക്ഷൻ ക്ലർക്ക് ശ്രീ. ജിനേഷ് എന്നിവരോടൊപ്പം കെട്ടിടം നിൽക്കുന്ന സ്ഥലം സന്ദർശിക്കുകയും പരാതിക്കാരനായ ശ്രീ. അബൂബക്കർ MKS കൺസ്ട്രക്ഷൻ കമ്പനി എന്നവരെ നേരില്ട് കാണുകയും ചെയ്തു. കെട്ടിടത്തിന്റെ ഗ്രൌണ്ട് ഫ്ലോർ ഏകദേശം 189.38 ച.മി വിസ്തീർണമുള്ള ഭാഗത്തിൽ 41.715 ച.മി ഭാഗം ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്നതായും പ്ലാനിൽ കാർപാർക്കിംഗ് ഏരിയയായി കാണിച്ചിട്ടുള്ള ഭാഗത്ത് ഷട്ടർ, ചുമരുകൾ കൊണ്ട് മൂടപ്പെട്ട കെട്ടിടത്തിൽ വാഹനങ്ങൾ പാർക്ക് ചെയ്തിട്ടുള്ളതായും കാണുന്നു. ഗ്രൌണ്ട് ഫ്ലോറിന് 189.38 ച.മി വിസ്തീർണമുള്ള ഭാഗത്തിന് മൊത്തത്തിൽ **1/39/എ** എന്ന നമ്പർ അനുവദിക്കുകയും 9943/- രൂപ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകളിൽ നിന്നും, **1/39/എ** എന്ന കെട്ടിട നമ്പർ അനുവദിച്ച കെട്ടിടത്തിൽ ടിയാൾ ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്ന ഭാഗത്തിന് പ്രത്യേക നമ്പരിനും ബാക്കി വരുന്ന ഒഴിഞ്ഞ് കിടക്കുന്ന ഭാഗത്തിന് പ്രത്യേക നമ്പരിനും അപേക്ഷിക്കാവുന്നതും അടുത്ത സാമ്പത്തിക വർഷം മുതൽ, ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടക്കുന്ന ഭാഗത്തിന് നിയമാനുസൃത നികുതി ഇളവിന് അപേക്ഷ സമർപ്പിക്കാവുന്നതും ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദേശിച്ചും തീരുമാനിച്ചു.

വിശ്വസ്തതയോടെ

**Signed by Baiju P**
**Date: 13-03-2025 16:15:05**

BAIJU P
ASSISTANT DIRECTOR